ഉത്തരം

സജീവ പരിഗണനയിലുണ്ട്.

തളിപ്പറമ്പിൽ പോലീസ് കാർട്ടേഴ്സ്

752 [886] ശ്രീ. സി. പി. മുസ്സാൻകുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പിൽ പോലീസുകാർക്ക് താമസിക്കാൻ കാർട്ടേഴ്സ് പണിയുന്നതിന് ഗവൺമെന്റിന് ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തി എന്ന് ആരംഭിക്കും?

ഉത്തരം

(എ) ഉണ്ട്.

(ബി) കാർട്ടേഴ്സിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് പൂർത്തിയാകുന്നതോടെ കാർട്ടേഴ്സ് പണി തുടങ്ങുന്നതാണ്.

പിറവം ഫയർ സ്റ്റേഷന് കെട്ടിടവും കാർട്ടേഴ്സും

753 [887] ശ്രീ. ബെന്നി ബഹനാൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പിറവം ഫയർ സ്റ്റേഷന്റെ കെട്ടിടവും കാർട്ടേഴ്സും പണിയുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പിറവം ഫയർ സ്റ്റേഷനും കാർട്ടേഴ്സും പണിയുന്നതിന് അനുയോജ്യമായ സ്ഥലം എടുക്കുന്നതിനുള്ള അന്വേഷണം നടന്നുവരുന്നു.

നെയ്യാറിൻകരയിൽ ഒരു സബ് കോടതി

754 [888] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആസ്ഥാനമായ നെയ്യാറിൻകരയിൽ ഒരു സബ് കോടതി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അതിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് പുതിയതായി തുടങ്ങേണ്ട കോടതികളെ സംബന്ധിച്ച് ശുപാർശചെയ്യാൻ ജഡ്ജിമാരുടെ ഒരു കമ്മിറ്റി ഹൈക്കോടതി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി നെയ്യാറിൻകരയിൽ സബ് കോടതി സ്ഥാപിക്കാൻ ശുപാർശ ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly